പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1215

04.12.2014 ൽ
മറുപടിക്ക്

## ആറന്മുള വിമാനത്താവള പദ്ധതി

ചോദ്യം
ശ്രീ.കെ.അജിത്:

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറന്മുളയിലെ വിമാനത്താവള പദ്ധതിയ്ക്കായി കെ.ജി.എസ് ഗ്രൂപ്പ് ഏറ്റെടുത്തിരുന്ന ഭൂമിയിൽ നികത്തപ്പെട്ട തോടും, ചാലും പുനർ നിർമ്മിക്കണമെന്ന് കോടതി ഉത്തരവ് എന്നാണ് നിലവിൽ വന്നതെന്നും ഇതിലെന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | 16.06.2014 നാണ് ബഹു.ഹൈക്കോടതിയിൽ നിന്നും വിധിയായത്. ടി തോടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി ഒരു സർവ്വേ ടീമിനെ നിയോഗിക്കുകയും ടി സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. പ്രസ്തുത തോട്ടിലെ മണ്ണ് നീക്കം ചെയ്യുന്നതിന് വഴി സൗകര്യമില്ലാത്തതാണ്. സ്വകാര്യ വസ്തുക്കളിലൂടെയാണ് മണ്ണെടുക്കുന്നിടത്തേക്ക് പ്രവേശിക്കേണ്ടത്. മണ്ണ് നീക്കം ചെയ്യുന്നതിന് 1.02 കോടി രൂപ ചെലവ് വരുന്നതും ആയതിന് ഫണ്ട് ലഭിച്ചാൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്ന ജോലി ആരംഭിക്കാൻ കഴിയൂ എന്നും മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു. ഈ സമയം ചെങ്ങന്നൂർ കോട്ടയം റെയിൽവേ ലൈനിന്റെ ഇരട്ടിപ്പിക്കൽ ജോലിക്കായി മണ്ണ് ആവശ്യമാണെന്ന് കാണിച്ച് റെയൽവേ അധികൃതർ കത്ത് നൽകിയിരുന്നു. നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് കൂടുതലായതിനാൽ വലിയ വാഹനങ്ങൾ ഉപയോഗിക്കേണ്ടിവരും. അത്തരം വാഹനങ്ങൾ ഉപയോഗിക്കുവാൻ നിലവിലെ വഴികൾ അപര്യാപ്തമായതിനാൽ റോഡുകൾ നിർമ്മിച്ച് നൽകണമെന്നും കൂടാതെ റോയൽറ്റി |

| | | | |
|---|---|---|---|
| | | | ഒഴിവാക്കി ഉത്തരവ് നൽകുകയും ചെയ്യണമെന്നും എന്നാൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്നത് ആരംഭിക്കാൻ കഴിയൂ എന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അടൂർ RDO യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹു.ഹൈ – ക്കോടതിയുടെ 16.06.2014 ലെ WP(C) 6519/2014 നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ നികത്തപ്പെട്ട ഭൂമിയിലെ തോടുകളുടെയും, ചാലുകളുടെയും വ്യാപ്തി എത്രയെന്നും ഇതു നികത്തിയതു മൂലമുള്ള പാരിസ്ഥിതിക ആഘാതമെന്തെന്നും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | വ്യാപ്തി - 2.57.27 ഹെക്ടർ. പാരിസ്ഥിതികാഘാതം സംബന്ധിച്ച് പഠനമൊന്നും നടത്തിയിട്ടില്ല |
| (സി) | കോടതി ഉത്തരവ് പൂർണ്ണമായി നടപ്പാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ? | (സി) | ബാധിക്കപ്പെട്ട കക്ഷികളെക്കൂടി നേരിൽ കേട്ടശേഷം പുറംപോക്ക് തോട് പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുവാനാണ് കോടതി നിർദ്ദേ – ശിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പിരിവ് എ-യിൽ സൂചിപ്പിച്ചിട്ടുള്ള രീതിയിൽ പ്രശ്നങ്ങൾ പരിഹരിച്ച് കോടതി ഉത്തരവ് നടപ്പിലാക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സെക്ഷൻ ഓഫീസർ |

LA Q. NO. 1215

3/4

IN THE HIGH COURT OF KERALA AT ERNAKULAM

PRESENT:

THE HONOURABLE MR.JUSTICE A.M.SHAFFIQUE

MONDAY, THE 16TH DAY OF JUNE 2014/26TH JYAISHTA, 1936

WP(C).No. 6519 of 2014 (L)

PETITIONER : -

MOHANAN. V, AGED 60 YEARS,
S/O.SREEDHARAN NAIR,
KADAKKELATH HOUSE,
MALLAPUZHASSERY,
ARANMULA P.O,
PATHANAMTHITTA DISTRICT

BY ADVS.SRI.RANJITH THAMPAN (SR.)
SMT.P.R.REENA

RESPONDENTS : -

1. THE DISTRICT COLLECTOR,
PATHANAMTHITTA,PIN 689 645.

2. ADDITIONAL TAHSILDAR,
KOZHANCHERY TALUK,
KOZHANCHERY,
PATHANAMTHITTA DISTRICT, PIN 689 641.

BY GOVERNMENT PLEADER SMT. ANITHA RAVEENDRAN.

THIS WRIT PETITION (CIVIL) HAVING BEEN FINALLY HEARD ON 16-06-2014, THE COURT ON THE SAME DAY DELIVERED THE FOLLOWING:

L.A. Q. No. 1215 4/4

A.M.SHAFFIQUE, J.

W.P.(C) No. 6519 OF 2014

Dated this the 16th day of June, 2014

JUDGMENT

The petitioner has approached this Court complaining about the inaction on the part of the revenue authorities in not implementing Ext.P3. Ext.P3 is an order passed by the Land Revenue Commissioner directing the District Collector to restore the *puramboke thodu,* which has been filled up by certain persons.

2. Having regard to the limited request made by the petitioner, I am of the view that this writ petition can be disposed of as under:

The 1st respondent shall take necessary steps for restoring the *puramboke thodu* to its original position pursuant to Ext.P3 after hearing the affected parties. This shall be done within a period of one month from the date of receipt of a copy of this judgment.

Sd/

A.M.SHAFFIQUE, JUDGE.

jm/

Section officer